കായികതാരങ്ങളായ പോലീസുകാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

* 249 [388] ശ്രീ. എ. ജോർജ്:
,, തോമസ് കല്ലംപള്ളി:
,, എം. വി. മാണി:
,, സി. എഫ്. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പോലീസ് കായികമേളയിൽ പങ്കെടുത്ത് സ്വർണ്ണ മെഡലും വെള്ളിമെഡലും നേടുന്ന കേരളാ പോലീസ് കായിക താരങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കായികതാരങ്ങൾക്ക് പ്രമോഷൻ നൽകുവാൻ വ്യവസ്ഥകളുണ്ടോ;

(സി) ഉണ്ടെങ്കിൽ അതനുസരിച്ച് പ്രമോഷൻ നൽകുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ആറ് ഇൻഡ്യാ പോലീസ് ഗെയിംസിൽ സ്ഥാനങ്ങൾ നേടിയ കായികതാരങ്ങൾക്ക് ഗുഡ് സർവ്വീസ് എൻട്രി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) ഇതു സംബന്ധിച്ച ചില നിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ പരിഗണനയിലാണ്.

കമ്മ്യൂണിറ്റി ഹെൽത്ത് സെൻറുകളായി മാറിയ പ്രൈമറി ഹെൽത്ത് സെൻറുകൾ

* 250 [289] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പ്രൈമറി ഹെൽത്ത് സെൻറുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറായി മാറിയിട്ടുണ്ട്. അവ ഏതെല്ലാമാണ്;

(ബി) പേരിൽവന്ന മാറ്റമല്ലാതെ സൗകര്യത്തിന്റെ കാര്യത്തിൽ ഈ കേന്ദ്രങ്ങളിൽ കാര്യമായി ഒരു മാറ്റവും വരുത്തിയില്ലെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ സ്പെഷ്യലിസ്റ്റുകൾക്കും പ്രവർത്തിക്കാൻ സൗകര്യം ലഭിക്കേണ്ട ഇത്തരം കേന്ദ്രങ്ങളിൽ നിലവിലുള്ള സാഹചര്യത്തിൽ ഡോക്ടർമാർക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കേന്ദ്രങ്ങളുടെ വികസനം ഈ വർഷംതന്നെ പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly